# 'ഒട്ടക'വും മറ്റു പ്രധാന കഥകളും

## എസ്. കെ. പൊറ്റെക്കാട്ട്



''ജീവിതത്തിലെ ഏതെങ്കിലും ഒരു മണ്ഡലത്തിലെ ഒരംശം അല്ലെങ്കിൽ ഒരു സംഭവം വിവരിക്കാൻ കൂടുതൽ ശക്തി കിട്ടുക ചെറുകഥയ്ക്കാണ്. ഒരു അഗ്നിബിന്ദുകൊണ്ട് ഇരുട്ടിൽ ഒരു മായാവലയം സൃഷ്ടിക്കുക എന്നതാണ് കഥാകൃത്തിന്റെ കഴിവ്. വളരെയേറെ അനുഭവങ്ങൾ എനിക്കുണ്ടായിട്ടുണ്ട്. ഞാൻ പട്ടിണി കിടന്നിട്ടുണ്ട്. വളരെ ചെറുപ്പത്തിലേ ഒരുപാട് കഷ്ടപ്പാടുകളനുഭവിച്ചിട്ടുണ്ട്. ഈ അനുഭവങ്ങൾക്കു പ്രകാശനം നൽകാൻ ചെറുകഥയെക്കാൾ നല്ലൊരുപാധി ഞാനിതുവരെ കണ്ടെത്തിയിട്ടില്ല. അധികവും സംഭവങ്ങളെക്കാളേറെ വ്യക്തികളെയാണ് ഞാനെന്റെ കഥകളിലാവിഷ്കരിക്കുന്നത്. എപ്പോഴെങ്കിലും എവിടെയെങ്കിലും കണ്ടുമുട്ടാത്ത ഒരാളെ സൃഷ്ടിക്കാൻ എനിക്കു സാധിക്കില്ല എന്നാണു ഞാൻ കരുതുന്നത്... ഒരു വ്യക്തിയെ പരിചയപ്പെട്ടാൽ അയാളുടെ രൂപം മനസ്സിൽ പതിയുന്നു. മനസ്സിൽ പതിഞ്ഞ പല വ്യക്തികളിൽനിന്ന് ഒരു പുതിയ വ്യക്തിയെ ഉണ്ടാക്കുകയാണ് ഞാൻ ചെയ്യുന്നത്... ഒരു കഥ വായിച്ചുകഴിഞ്ഞാൽ വായനക്കാരന്റെ മനസ്സിൽ ഒരു മനുഷ്യന്റെ കഥ കേട്ടു എന്ന ബോധമുണ്ടാകണം തനിക്കു ജീവിതത്തിൽ അനുഭവിക്കാൻ കഴിയാത്ത കാര്യങ്ങൾ പറഞ്ഞു കേൾക്കുമ്പോൾ വായനക്കാരനു താത്പര്യം തോന്നും. ഇതാണ് സാധാരണ ജനങ്ങളെ കഥകളുമായി അടുപ്പിക്കുന്നത്. വായനക്കാരനിൽ താത്പര്യമോ കൗതുകമോ ജനിപ്പിക്കാൻ കഴിയുന്ന കഥകൾ നല്ല കഥകളാണ്.''


ഡി സി ബുക്സ്
www.dcbooks.com
ചെറുകഥ
കവർ ഡിസൈൻ
ഡിസൈൻ ഡിഫറൻസ്
ISBN 81-264-0565-1
00010
9 788126 405657
₹ 180
E-book Available



എസ്.കെ. പൊറ്റെക്കാട്ട് • ഒട്ടക'വും മറ്റു പ്രധാന കഥകളും



ഡിസി ബുക്സ്


10-ാം പതിപ്പ്




# എസ്. കെ. പൊറ്റെക്കാട്ട്

# 'ഒട്ടക'വും മറ്റ് പ്രധാന കഥകളും



DCB

2563

# ‘ഒട്ടക’വും മറ്റ് പ്രധാന കഥകളും


## കെ എൽ എഫ്, കേരളസംസ്കാരം

1957-ൽ കോട്ടയത്ത് നടന്ന അഞ്ചുദിവസം നീണ്ടുനിന്ന സാഹിത്യപരിഷത്ത് സമ്മേളനമാണ് കേരളത്തിലെ ആദ്യത്തെ സാഹിത്യോത്സവം. സ്വകാര്യ സാഹിത്യകൂട്ടായ്മകൾ മാത്രമാണ് അതുവരെ പരിചിതമായ മാതൃക. സാഹിത്യപരിഷത്ത് സമ്മേളനം അന്നുവരെ കേരളം കണ്ടതിൽവെച്ച് ഏറ്റവും വലിയ സാംസ്കാരികോത്സവമായിരുന്നു. ആധുനികകേരളത്തിന്റെ സാംസ്കാരികവളർച്ചയുടെ അടിത്തറ ഈ സമ്മേളനമാണ്.

സമ്പൂർണ്ണ സാക്ഷരത, സാംസ്കാരികവകുപ്പ്, പുസ്തകങ്ങളുടെ വില്പനനികുതി ഒഴിവാക്കൽ, പേപ്പർബാക്ക് വിപ്ലവം എന്നീ ആശയങ്ങളുടെ ആവിഷ്കർത്താവായ ഡി സി കിഴക്കെമുറിയായിരുന്നു സമ്മേളനത്തിന്റെ മുഖ്യസംഘാടകൻ. അദ്ദേഹത്തിന്റെ ദർശനങ്ങളുടെ വിശ്വോത്തര ആവിഷ്കാരമാണ് ഡി സി ബുക്സ് 2016-ൽ കോഴിക്കോട് ബീച്ചിൽ ആരംഭിച്ച, ഏഷ്യയിലെ ഏറ്റവും വലിയ സാഹിത്യോത്സവമായ കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ (കെ എൽ എഫ്). സാഹിത്യം, കല, ശാസ്ത്രം, ചരിത്രം തുടങ്ങി എല്ലാ മേഖലകളിലുമുള്ള തുറന്ന സംവാദമാണ് കെ എൽ എഫിന്റെ മുഖമുദ്ര. വായനസംസ്കാരത്തിന് ഊർജ്ജം പകരുന്ന, കേരളത്തിന്റെ എല്ലായിടങ്ങളിലും നടക്കുന്ന സാഹിത്യോത്സവങ്ങൾക്ക് മാതൃകയായ കെ എൽ എഫ് എല്ലാവർഷവും ജനുവരി മാസത്തിലാണ് നടക്കുന്നത്.

www.keralalitfest.com

ആഴത്തിലറിയാം ഏറ്റവും പുതിയ സാഹിത്യവർത്തമാനങ്ങൾ... **dcink.in**

## എസ്.കെ. പൊറ്റെക്കാട്ട്
## (1913–1982)

1913 മാർച്ച് 14–ന് കോഴിക്കോട്ട് ജനിച്ചു. യാത്രാവിവരണ ഗ്രന്ഥകാരൻ. നോവലിസ്റ്റ്, കഥാകൃത്ത്. 1949-ൽ കപ്പൽമാർഗ്ഗം ആദ്യത്തെ വിദേശയാത്ര നടത്തി. യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക, ദക്ഷിണേഷ്യ, പൂർവേഷ്യ എന്നിവിടങ്ങളിലെ മിക്ക രാജ്യങ്ങളും പലതവണ സന്ദർശിക്കുകയും ഓരോ സ്ഥലത്തെയും സാമാന്യജനങ്ങളുമായി ഇടപഴകുകയും ചെയ്തു. *ഒരു തെരുവിന്റെ കഥയ്ക്ക്* കേരളസാഹിത്യ അക്കാദമി അവാർഡ് (1962), *ഒരു ദേശത്തിന്റെ കഥയ്ക്ക്* സാഹിത്യഅക്കാദമി അവാർഡും (1973) ജ്ഞാനപീഠ പുരസ്കാരവും (1980). കാലിക്കറ്റ് യൂനിവേഴ്സിറ്റി ഡോക്ടറേറ്റ് നല്കി ആദരിച്ചു. 1982 ഓഗസ്റ്റ് 6-ന് അന്തരിച്ചു. *നാടൻപ്രേമം, വിഷകന്യക* (നോവൽ) എന്നിവ മറ്റു പ്രധാന കൃതികൾ.

### എസ്.കെ. പൊറ്റെക്കാട്ടിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

***നോവൽ:*** ഒരു തെരുവിന്റെ കഥ, ഒരു ദേശത്തിന്റെ കഥ, വിഷകന്യക, കുരുമുളക്

***യാത്രാവിവരണം:*** പാതിരാസൂര്യന്റെ നാട്ടിൽ, കാപ്പിരികളുടെ നാട്ടിൽ, ബാലിദ്വീപ്, യൂറോപ്പിലൂടെ, ലണ്ടൻ നോട്ട്ബുക്ക്, സിംഹഭൂമി, സഞ്ചാരസാഹിത്യം (2 വാല്യം)

***ചെറുകഥ:*** എസ്.കെ. പൊറ്റെക്കാട്ടിന്റെ കഥകൾ, 'ഒട്ടക'വും മറ്റ് പ്രധാന കഥകളും, പൊറ്റെക്കാട്ടിന്റെ കഥകൾ, എസ്.കെ. പൊറ്റെക്കാട്ടിന്റെ കഥകൾ സമ്പൂർണ്ണം (2 വാല്യം), അനശ്വരകഥകൾ, പുള്ളിമാനും ജനപ്രിയകഥകളും

***ബാലസാഹിത്യം:*** വിഘ്നേശ്വരൻ

എസ്.കെ. പൊറ്റെക്കാട്ടിന്റെ പുസ്തകങ്ങൾ പരിചയപ്പെടാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

# 'ഒട്ടക'വും മറ്റ് പ്രധാന കഥകളും

## എസ്.കെ. പൊറ്റെക്കാട്ട്

എഡിറ്റർ
ഡോ. കെ.എസ്. രവികുമാർ

ഡി സി ബുക്സ്

**D C Books**
DC Kizhakemuri Edam
Good Shepherd Street
KERALA, INDIA-686 001

MALAYALAM LANGUAGE
'Ottaka'vum Mattu Pradhāna Kathakalum
SHORT STORY
*by* S.K. Pottekkatt

Rights Reserved
First Published January 2003
This edition - June 2025
P-ISBN: 81-264-0565-1

Distributors : D C Books-Current Books, INDIA
Printed in India: D C Press, Kottayam, INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Pottekkatt, S.K.
'Ottaka'vum mattu pradhana kathakalum/S.K. Pottekkatt
128 p., 21 cm.
ISBN 81-264-0565-1
1. Malayalam story. I. Title.
894.812 301-dc 22.

*This is a work of fiction. The names, characters, places, incidents are all subject to author's imagination and used fictitiously. Any resemblance to actual events, places or persons, living or dead is purely coincidental.*

*This book is produced from independently certified FSC® paper to ensure responsible forest management.*

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

: www.dcbooks.com : www.dcbookstore.com
: ebooks.dcbooks.com : customercare@dcbooks.com : 7290092216
D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

70/25-26-Sl.No.28060-dcb 2599-(10)-1000(F)-5560-04-25-hn 60-T4-e rr-p ns-d rs

മലയാളകഥാസാഹിത്യത്തിന്റെ നവോത്ഥാനകാലഘട്ടത്തിൽ കഥയുടെ പരിവർത്തനത്തെ രൂപപ്പെടുത്തുകയും കഥാഗതിയെയും കാലത്തെയും വെല്ലുവിളിച്ചുകൊണ്ട് അക്ഷരഗോപുരങ്ങളായി നിലകൊള്ളുകയും ചെയ്യുന്ന എഴുത്തുകാരിൽ പ്രധാനികളായ പത്തുപേരുടെ കഥകൾ ഉൾപ്പെടുത്തിയാണ് 2003-ൽ *നവോത്ഥാന കഥാപരമ്പര* പ്രസിദ്ധപ്പെടുത്തിയത്.

കാരൂർ, ദേവ്, ബഷീർ, അന്തർജനം, പൊൻകുന്നം വർക്കി, കെ. സരസ്വതിയമ്മ, തകഴി, പൊറ്റെക്കാട്ട്, ഉറൂബ്, ടി.കെ.സി. വടുതല എന്നീ പ്രമുഖ കഥാകൃത്തുക്കൾ ഒരു പൊതുഭാവുകത്വം പങ്കുവയ്ക്കുകയും സ്വന്തം കഥാലോകങ്ങൾ സൃഷ്ടിക്കുകയും ചെയ്തവരാണ്. ഈ രാജശില്പികളുടെ ചെറുകഥകൾ പുതിയ തലമുറയിലെ കഥാതത്പരർക്കായി ഡി സി ബുക്സ് അവതരിപ്പിക്കുകയാണ്.

ദേശഭേദങ്ങളും പാത്രവൈചിത്ര്യങ്ങളും ഭാവവൈവിധ്യത്തോടെ ചിത്രീകരിക്കാനുള്ള വൈഭവം ചുരുക്കം ചില കഥാകാരന്മാർക്കേ കൈവന്നിട്ടുള്ളൂ. അവരിൽ എന്തുകൊണ്ടും മുൻനിരയിൽ നില്ക്കുന്ന കഥാകൃത്താണ് എസ്.കെ. പൊറ്റെക്കാട്ട്. പൊറ്റെക്കാട്ടിന്റെ കഥനവൈഭവം പ്രകടമാക്കുന്ന ഏറ്റവും മികച്ച കഥകൾ സമാഹരിച്ചിരിക്കുന്ന പുസ്തകത്തിന്റെ പുതിയ പതിപ്പാണിത്.

## എസ്.കെ. പൊറ്റെക്കാട്ട്
(1913-1982)

യഥാർത്ഥ പേര് ശങ്കരൻകുട്ടി. 1913 മാർച്ച് 14-ന് കോഴിക്കോടു നഗരത്തിലെ പുതിയറയിൽ ജനിച്ചു. അച്ഛൻ കുഞ്ഞിരാമൻ മാസ്റ്റർ. കോഴിക്കോട് ഗണപത് സ്കൂൾ, സാമൂതിരി കോളജ് എന്നിവിട ങ്ങളിൽ പഠിച്ചു. ഇന്റർമീഡിയറ്റ് പാസായി. കോഴിക്കോട് ഗുജറാത്തി സ്കൂളിൽ കുറച്ചുകാലം അദ്ധ്യാപകനായി ജോലിചെയ്തു. 1939 മുതൽ ഒരു കൊല്ലം ബോംബെയിൽ ഉദ്യോഗസ്ഥനായിരുന്നു. അടുത്തകൊല്ലം ഉത്തരേന്ത്യയിൽ പല ഭാഗങ്ങളിലും യാത്രചെയ്തു. 1942–45 കാലത്ത് വീണ്ടും ബോംബെയിൽ ജോലിചെയ്തു. 1945 മുതൽ മുഴുവൻ സമയവും സാഹിത്യപ്രവർത്തനവും സഞ്ചാ രവും.

ആദ്യ വിദേശപര്യടനം 1949-ൽ. ആഫ്രിക്കയിലും യൂറോപ്പിലും വിപുലമായി സഞ്ചരിച്ചു. 1952-ൽ സിലോൺ, മലയാ, സിംഗപ്പൂർ, ഇന്തോനേഷ്യ തുടങ്ങിയ നാടുകളിൽ യാത്രചെയ്തു. 1955-ൽ ഹെൽസിങ്കിയിൽ വെച്ചു നടന്ന ലോകസമാധാനസമ്മേളനത്തിൽ ഇന്ത്യൻ പ്രതിനിധി സംഘാംഗമായി പങ്കെടുത്തു. ഫിൻലന്റ്, സോവി യറ്റ് യൂണിയൻ, ചെക്കോസ്ലോവാക്യ, ജർമ്മനി എന്നിവിടങ്ങളും സന്ദർശിച്ചു. 1957-ൽ തലശ്ശേരി മണ്ഡലത്തിൽനിന്ന് പാർലമെന്റി ലേക്ക് മത്സരിച്ചു പരാജയപ്പെട്ടു. 1962-ൽ അവിടെനിന്നുതന്നെ തെര ഞ്ഞെടുക്കപ്പെട്ടു.

1928 മുതൽ സാഹിത്യപ്രവർത്തനത്തിൽ ഏർപ്പെട്ടു. 1931-ൽ പ്രസിദ്ധീകൃതമായ *ഹിന്ദുമുസ്ലീം മൈത്രി*യാണ് ശ്രദ്ധേയമായ ആദ്യ ചെറുകഥ. 1940-ൽ *യവനികയ്ക്കു പിന്നിൽ* എന്ന ചെറുകഥാസമാ ഹാരത്തിനും 1949-ൽ *വിഷകന്യക* എന്ന നോവലിനും മദിരാശി ഗവൺമെന്റിന്റെ പാരിതോഷികം ലഭിച്ചു. *ഒരു തെരുവിന്റെ കഥയ്ക്ക്* 1962-ൽ കേരളസാഹിത്യ അക്കാദമി അവാർഡും *ഒരു ദേശത്തിന്റെ കഥയ്ക്ക്* കേന്ദ്രസാഹിത്യ അക്കാദമി അവാർഡും 1981-ൽ ജ്ഞാന പീഠപുരസ്കാരവും ലഭിച്ചു.

1952-ൽ വിവാഹിതനായി. ഭാര്യ ജയവല്ലി. നാലു മക്കൾ.

1982 ആഗസ്റ്റ് 6–ന് പൊറ്റെക്കാട്ട് അന്തരിച്ചു.

എസ്.കെ. പൊറ്റെക്കാട്ടിന്റെ കൈപ്പട



# ആമുഖം

തന്റെ കാലത്തെ സഹൃദയലോകത്തിന്റെ അംഗീകാരവും ആരാധനയും ഏറെ നേടിയ ചെറുകഥാകൃത്താണ് എസ്.കെ. പൊറ്റെക്കാട്ട്. വൈവിധ്യം നിറഞ്ഞതും കാല്പനികച്ഛവി പുരണ്ടതുമായ കഥാലോകത്തിന്റെ നിർമ്മിതിയിലൂടെയാണ് അദ്ദേഹം സഹൃദയപ്രീതി കൈവരിച്ചത്. 1930 കളുടെ തുടക്കംമുതൽ ചെറുകഥാരചനയിൽ സജീവമായി ഏർപ്പെട്ട പൊറ്റെക്കാട്ട് അക്കാലത്ത് മലയാളചെറുകഥയ്ക്കുണ്ടായ കുതിപ്പിന്റെ ചാലകരിലൊരാളായി അംഗീകാരം നേടി. പിന്നെ മരണപര്യന്തം അരനൂറ്റാണ്ടു കാലം ഇടയ്ക്കിടെ കവിതകളെഴുതുകയും നോവലിന്റെയും സഞ്ചാരസാഹിത്യത്തിന്റെയും മേഖലകളിൽ നിസ്തുലസംഭാവനകൾ നല്കുകയും ചെയ്തപ്പോഴെല്ലാം ചെറുകഥയെയും പ്രിയപക്ഷപാതത്തോടെ അദ്ദേഹം പരിചരിച്ചുപോന്നു.

മുൻപ് കണ്ടിട്ടില്ലാത്ത കാഴ്ചകളിലൂടെ കടന്നുപോകുന്ന സഞ്ചാരിയുടെ കുതൂഹലം ജീവിതത്തിനു നേരേ എന്നും പുലർത്തിയ കഥാകാരനായിരുന്നു പൊറ്റെക്കാട്ട്. എല്ലാറ്റിനെയും അദ്ദേഹം പ്രസാദഭരിതമായി നോക്കിക്കണ്ടു—വിഭിന്നങ്ങളായ ഭൂവിഭാഗങ്ങളെ, പ്രകൃതിയുടെ ഭാവാന്തരങ്ങളെ, സംസ്കാരവൈചിത്ര്യങ്ങളെ, സർവ്വോപരി ഇതിനെയെല്ലാം ജീവത്താക്കുന്ന മനുഷ്യജീവിതത്തെ. അതെല്ലാം ഭാവാത്മകമായി അദ്ദേഹം കഥകളിൽ പകർത്തി; ചിലപ്പോൾ ചെറുപുഞ്ചിരിയോടെ മറ്റു ചിലപ്പോൾ നേർത്ത വിഷാദത്തോടെ. പ്രണയവും കരുണവും നർമ്മവും കഥകളിൽ മാറിമാറിത്തെളിഞ്ഞു. ചിലപ്പോഴവ ഇടകലർന്നു. വായനക്കാരെ പിടിച്ചിരുത്തുന്ന ഇതിവൃത്തങ്ങളും അവരെ മന്ത്രമുഗ്ദ്ധരാക്കിത്തീർക്കുന്ന ആഖ്യാനവുംകൊണ്ട് പൊറ്റെക്കാട്ടിന്റെ ചെറുകഥകൾ ആ കാലത്തിനു പ്രിയപ്പെട്ടതായി.

സമകാലികരായ മറ്റു കഥാകൃത്തുക്കളുടെ രചനകളെ അപേക്ഷിച്ച് പൊറ്റെക്കാട്ടിന്റെ ചെറുകഥകളിൽ മുൻതലമുറയിലെ കഥാകാരന്മാരുടെ രചനാരീതിയുടെ മുദ്രകൾ ഏറെ പതിഞ്ഞുകാണാം. കഥാവതരണത്തിലെ വിശദമായ പശ്ചാത്തലവർണ്ണന, കഥാപാത്ര

ത്തിന്റെ ബാഹ്യസ്വരൂപത്തിന്റെ വിശദവിവരണം, മണിപ്രവാള കവിതയിൽ വേരുകളുള്ള ഭാഷാരീതി, ഇതിവൃത്തത്തിന്റെ ഏകാഗ്രതയ്ക്ക് ഭംഗം വരുത്തുന്ന ഉപാഖ്യാനങ്ങൾ, ചെറുകഥയ്ക്ക് ഇണങ്ങാത്ത മട്ടിലുള്ള കഥാപാത്രബഹുലത, കഥാന്ത്യത്തിലെ നാടകീയതയും അത്ഭുതാത്മകതയും—ഇതൊക്കെ അദ്ദേഹത്തിന്റെ പല കഥകളിലും കാണാം. എന്നാൽ ഇവ സൃഷ്ടിക്കുന്ന ശില്പപരമായ പരിമിതികളെ അതിവർത്തിക്കുംവിധം ശക്തമാണ് തുടക്കംമുതൽ ഒടുക്കംവരെ വായനക്കാരെ തന്നോടൊപ്പം കൂട്ടിക്കൊണ്ടുപോകുന്ന അദ്ദേഹത്തിന്റെ അനുപമമായ ആഖ്യാനസിദ്ധി.

ചില സവിശേഷജീവിതപശ്ചാത്തലങ്ങളെയും പ്രമേയമേഖലകളെയും കേന്ദ്രീകരിച്ച് വീണ്ടും വീണ്ടും എഴുതുന്നവരുണ്ട്. പൊറ്റെക്കാട്ടിന്റെ രീതി അതല്ല. വൈവിധ്യമാണ് അദ്ദേഹത്തിന്റെ ചെറുകഥകളുടെ മുഖമുദ്ര. അങ്ങനെ മലബാർഗ്രാമങ്ങളും ഇന്ത്യൻ നഗരങ്ങളും വിദേശരാജ്യങ്ങളിലെ അപരിചിത ഭൂവിഭാഗങ്ങളുമൊക്കെ കഥകളുടെ സ്ഥലരാശിയായിത്തീരുന്നു. ഭിന്നസംസ്കാരങ്ങളുടെ പ്രതിനിധികൾ കഥാപാത്രങ്ങളായി അതിൽ സ്ഥാനം പിടിക്കുന്നു. വൈവിധ്യമാർന്ന സ്ഥലരാശിയെയും മനുഷ്യപ്രകൃതിയെയും അവതരിപ്പിക്കുമ്പോഴും ജീവിതത്തിന്റെ അടിസ്ഥാനചോദനകളും മാനവികവികാരങ്ങളും സമാനമാണ് എന്ന തിരിച്ചറിവിലേക്ക് അവ എത്തുന്നു.

പൊറ്റെക്കാട്ടിന്റെ ചെറുകഥകളിൽ നല്ലൊരു പങ്ക് വായനക്കാരുടെ മനസ്സിൽ കുടിയേറിയിരിക്കുന്നത് അവയിലെ വൈചിത്ര്യം പുലർത്തുന്ന കഥാപാത്രങ്ങളിലൂടെയാണ്. പലപ്പോഴും അവരുടെ വ്യക്തിത്വത്തിലെ ഏങ്കോണിപ്പുകളെ—രൂപത്തിലെയും സ്വഭാവത്തിലെയും—മുഴപ്പിച്ചും വക്രീകരിച്ചും അവതരിപ്പിക്കുന്നതിൽ അദ്ദേഹം തത്പരനാണ്. അങ്ങനെ സൃഷ്ടിക്കുന്ന ഹാസ്യം ആ കഥകളുടെ ഭാവഛായയെ നിർണയിക്കുന്ന ഘടകമാണ്. ചിലപ്പോൾ അത്തരം കഥാപാത്രങ്ങൾ കാരിക്കേച്ചറുകളായി മാറുന്നു. ആ അവസ്ഥയിലും കഥാപാത്രങ്ങളോടു പുലർത്തുന്ന സഹഭാവ നിർഭരമായ സമീപനം ഹാസ്യത്തിനു പിന്നിൽ കരുണത്തിന്റെ ആർദ്രത പകരുന്നു.

അന്നത്തെ കവികൾക്കിടയിൽ ചങ്ങമ്പുഴയ്ക്കു ലഭിച്ച ആരാധനയോടടുത്തു നില്ക്കുന്നതായിരുന്നു ചെറുകഥകളിലൂടെ പൊറ്റെക്കാട്ടിനു കിട്ടിയ സഹൃദയാംഗീകാരം. ഭാവാത്മകമായ ജീവിതരംഗങ്ങളുടെ കാല്പനികാവരണം ചാർത്തിയുള്ള അവതരണം, സാമൂഹികജീവിതവൈരുദ്ധ്യങ്ങളുടെ ഇത്തിരി അതിശയോക്തികലർത്തിയുള്ള ആലേഖനം, വൈചിത്ര്യം പുലർത്തുന്ന കഥാപാത്രാവിഷ്കാരം, പ്രണയം, വിഷാദം, നർമ്മം തുടങ്ങിയ ഭാവങ്ങൾക്കു നല്കിയിരിക്കുന്ന പ്രാധാന്യം, അപൂർവ്വ ഭംഗിയാർന്ന പ്രകൃതിചിത്രണം, കാവ്യാത്മകമായ ആഖ്യാനം എന്നിവയൊക്കെ അതിനു കാരണമായിട്ടുണ്ട്. സംസ്കാരബഹുത്വത്തിന്റെയും പാരിസ്ഥിതികാവബോധത്തിന്റെയും കാഴ്ചപ്പാടുകൾ അവയോടിടകലരുന്നു. ഇവയെല്ലാം ചേർന്ന് പൊറ്റെക്കാട്ടിന്റെ കഥകൾ ഒരു കാലഘട്ടത്തിന്റെ ഈടിരിപ്പുകളായിത്തീർന്നു.



ഡോ. കെ.എസ്. രവികുമാർ

## ഉള്ളടക്കം


ഒട്ടകം ........ 19

അന്തകന്റെ തോട്ടി ........ 29

നദീതീരത്തിൽ ........ 45

ഏഴിലാംപാല ........ 50

കാട്ടുചമ്പകം ........ 60

നിശാഗന്ധി ........ 68

കടവുതോണി ........ 75

മെയിൽ റണ്ണർ ........ 88

രഹസ്യം ........ 100

മലയാളത്തിന്റെ ചോര ........ 106

ജയിൽ ........ 114